## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2435.** — **18.07.2011-ൽ മറുപടിക്ക്**

### ആരോഗ്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മിനിമം വേതനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കേരള സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഫാർമസികൾ, സ്കാനിംഗ് സെന്ററുകൾ, എക്സ്റേ യൂണിറ്റുകൾ തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങളിലെ ഡോക്ടർമാരല്ലാത്ത ജീവനക്കാർക്ക് 2009 ഡിസംബർ 16-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം സർക്കാർ തീരുമാനിച്ചു വിജ്ഞാപനം ചെയ്ത മിനിമം വേജസ് നിരക്കുകൾ ഇപ്പോൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ ഏതൊക്കെ തസ്തികകളിൽ ആണ് പ്രസ്തുത വേതന പരിഷ്ക്കാരം നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഫാർമസികൾ, സ്കാനിംഗ് സെന്ററുകൾ, എക്സ്റേ യൂണിറ്റുകൾ തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കുറഞ്ഞ കൂലി 16/12/2009ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ. 174/2009/തൊഴിൽ വിജ്ഞാപനം പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ നിരക്കുകൾ 2009 ജൂൺ മാസം ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.<br>വിജ്ഞാപനത്തിൽ ഓഫീസും, പൊതു വിഭാഗവും വരുന്ന ഭാഗം - 1ൽ ജനറൽ മാനേജർ മുതൽ ക്ലീനർ വരെയുള്ള 48 തസ്തികകൾക്കും, ഭാഗം രണ്ട് മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗത്തിൽ നഴ്സിംഗ് സൂപ്രണ്ട് മുതൽ ആയുർവേദ ഫാർമസി അസിസ്റ്റന്റ് വരെയുള്ള 92 തസ്തികകൾക്കും പ്രസ്തുത വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന കൂലി നിരക്ക് ബാധകമാണ്. |
| (ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള വേതന പരിഷ്ക്കാരം നാളിതുവരെ നടപ്പിലാക്കാത്തതെന്ന് വ്യക്തമാക്കുമോ? | (ബി) | ഉദിയ്ക്കുന്നില്ല. |

സെക്ഷൻ ഓഫീസർ